# പന്തപ്ലാക്കൽ കുടുംബസംഗമം

## 13-ാം സമ്മേളന റിപ്പോർട്ട്

Date: 03-11-2014

## ജോസ് തോമസ് പൈസക്കരി

അധിനിവേശത്തിന്റെയും കൊമ്പുകോർക്കലിന്റെയും പ്രതിരോധ പ്രകടന ങ്ങളുടേയും പെരുമ്പറ കൊട്ടുന്ന ഈ കാലഘട്ടം മാധ്യമ മൂല്യങ്ങളും മനസ്സാക്ഷിയും കാറ്റിൽ പറത്തി സ്വന്തം ഇഷ്ടത്തിനും താൽപര്യങ്ങൾക്കും വേണ്ടി മന്ത്രിക്കുന്ന ലോകരാഷ്ട്ര നേതൃത്വങ്ങൾ സ്ത്രീത്വത്തെ പോലും പരസ്യമായി തെരുവിൽ അധിക്ഷേപിക്കുന്ന കാലം.

ഇതിനിടയിൽ സ്നേഹവും ഐക്യവും കൂട്ടായ്മയും നില നിർത്തുക എന്നത് വളരെ ദുഷ്കരം. നമ്മുടെ മുൻതലമുറക്കാർ നമുക്കു നേടിത്തന്ന നമ്മളെ ഏൽപ്പിച്ച സ്നേഹത്തിന്റെയും കൂട്ടായ്മയുടേയും ഐക്യത്തിന്റെയും ദീപശിഖ വീണ്ടും ഉയർത്തിപ്പിടിച്ചുകൊണ്ട് 2015 ലെ കുടുംബകൂട്ടായ്മയുടെ ആഘോഷങ്ങളുമായി ഒരുമിച്ചിരിക്കയാണ്. വിദൂരങ്ങളിൽ ചിതറിക്കിടക്കുന്ന നമ്മുടെ കുടുംബാംഗങ്ങളെ വർഷത്തിലൊരിക്കൽ ഒന്നിച്ചു കൂട്ടാനുള്ള നമ്മുടെ ശ്രമം ഓരോ വർഷം പിന്നിടുമ്പോഴും കൂടുതൽ പൂർണ്ണത കൈവരിച്ചു കൊണ്ടിരിക്കുന്നുവെന്നത് നമുക്ക് ആഭിമാനത്തോടുകൂടി പറയുവാൻ കഴിയും. ഇനിയും കുടുംബബന്ധങ്ങൾ ഒന്നിനൊന്ന് കൂടുതൽ ശക്തിപ്പെടുത്തുവാനായി നമുക്ക് ഒരുമയോടെ കൈകോർക്കാം.

## 13-ാം വാർഷിക സമ്മേളനം

2013 നവംബർ 9-ാം തീയതി ശനിയാഴ്ച പാലാ കാഞ്ഞിരമറ്റത്ത് ശ്രീ പി.എം. ചാക്കോ പന്തപ്ലാക്കലിന്റെ ഭവനത്തിൽ നിന്നും, കുടുംബാംഗ സമ്മേളനത്തിന്റെ ദീപ ശിഖ ഏറ്റുവാങ്ങി. മലബാറിൽ പൈസക്കരിയിലെ ശ്രീ ജോസ് തോമസ് പന്തപ്ലാക്കലിന്റെ ഭവനത്തിൽ നിന്ന് ആ സുദിനം 2014 നവംബർ 3 തിങ്കളാഴ്ച ആർക്കും മറക്കാവുന്നതല്ല. ഒരുപാടുപേരുടെ പരിശ്രമത്തിന്റെയും ത്യഗത്തിന്റെയും കൂടിച്ചേരലായിരുന്നു അത്. പൈസക്കരിയുടെ മലമടക്കുകളിൽ നമ്മുടെ കൂട്ടായ്മയുടെ മാറ്റൊലി കൊണ്ടു ഒരു പക്ഷെ, പൈസക്കരിയിലെ തന്നെ ഒരു വലിയ ഭവനമായി മാറിയിരിക്കാം.

ഈ സമ്മേളനത്തിൽ 230 കുടുംബങ്ങളിൽ നിന്നായ് 500 ൽ പരം കുടുംബാംഗങ്ങൾ പങ്കെടുത്തു. രാവിലെ 7.45. ന് പൈസക്കരി ദേവമാതാ പള്ളിയിൽ കുടുംബയോഗത്തിന്റെ രക്ഷാധികാരി ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ മൺമറഞ്ഞുപോയ നമ്മുടെ പ്രിയപ്പെട്ട കുടുംബാംഗങ്ങളെ അനുസ്മരിച്ച് ദിവ്യബലിയും സെമിത്തേരിയിൽ ഒപ്പീസും ചൊല്ലി പ്രാർത്ഥിച്ചു. കൃത്യം 8.30 ന് രജിസ്ട്രേഷൻ ആരംഭിച്ചു. 9 മണിക്ക് പ്രഭാത ഭക്ഷണം. പിന്നീട് അഭിവന്ദ്യ പിതാവിനും വിശിഷ്ടാതിഥികൾക്കും സ്വീകരണമായിരുന്നു. തുടർന്ന് ഈശ്വര പ്രാർത്ഥനയോടു കൂടി സമ്മേളനം ആരംഭിക്കുകയായി. കുടുംബ യോഗ കൺവീനർ ശ്രീ ജോസ് തോമസ് പന്തപ്ലാക്കൽ പൈസക്കരി വിശിഷ്ടാതിഥികളെയും, കുടുംബാംഗങ്ങളേയും സ്വാഗതം ചെയ്തു. കുടുംബയോഗ രക്ഷാധികാരി റവ. ഫാ. തോമസ് പന്തപ്ലാക്കൽ ആമുഖ പ്രസംഗവും കുടുംബയോഗ പ്രസിഡന്റ് ശ്രീ ബേബി

പി.റ്റി. അദ്ധ്യക്ഷപ്രസംഗവും നടത്തി.

തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ഞരളക്കാട്ട് കുടുംബ യോഗ സംഗമം ഉൽഘാടനം ചെയ്തു. പന്തപ്ലാക്കൽ കുടംബങ്ങളുടെ ഐക്യത്തെപ്പറ്റിയും കുടുംബ നേതൃത്വ കെട്ടുറപ്പിനെപ്പറ്റിയും അദ്ദേഹം ആത്മാർത്ഥമായി പ്രശംസിച്ചു. ഇതുപോലെയുള്ള കുടുംബയോഗങ്ങൾ രൂപം കൊള്ളുന്നത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ഉദ്‌ബോധിപ്പിച്ചു. തുടർന്ന് അദ്ദേഹം ആതിഥേയ കുടുംബത്തിലെ അമ്മച്ചിയെ പൊന്നാട അണിയിച്ച് സ്വീകരിച്ചിരുത്തി.

പിന്നീട് കണ്ണൂർ ഡി.സി.സി സെക്രട്ടറി, മലയോരങ്ങളിൽ വികസനത്തിന്റെ വിജയക്കൊടി നാട്ടിയ എല്ലാവർക്കും പ്രിയങ്കരനായ എം.എൽ.എ ശ്രീ സണ്ണി ജോസഫ് നമ്മുടെ കുടുംബ കൂട്ടായ്മക്ക് സർവവിധ ഐശ്വര്യങ്ങളും നേർന്നു കൊണ്ടുള്ള മുഖ്യ പ്രഭാഷണം നടത്തി.

കുടുംബയോഗ സെക്രട്ടറി ശ്രീ ജോസ് പന്തപ്ലാക്കൽ കല്ലാനോട് കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

പൈസക്കരി ദേവമാതാ പള്ളി വികാരി റവ.ഫാ ഡോ.തോമസ് മേൽവട്ടം അനുഗ്രഹ പ്രഭാഷണം നടത്തി.

പയ്യാവൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സി.വി ജോസ് ചെന്നാട്ട്, തിരുമേനി സെന്റ് ആന്റണീസ് പള്ളി വികാരി റവ. ഫാ. ജോൺ മുല്ലക്കര. പൈസക്കരി ദേവമാതാ എച്ച്. എസ്.എസ്. പ്രിൻസിപ്പൽ ശ്രീ ജേക്കബ് മാരിപ്പുറം പയ്യാവൂർ ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീമതി ആനീസ് ബേബി കൊട്ടനാനി, പയ്യാവൂർ ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീ ടെൽസൺ ജോർജ്ജ് കണ്ടത്തുംകര തുടങ്ങിയവർ പന്തപ്ലാക്കൽ കുടുംബ കൂട്ടായ്മക്ക് സർവവിധ ആശംസകളും അറിയിച്ചു.

തുടർന്ന് കുടുംബ യോഗ വൈസ് പ്രസിഡന്റ് ശ്രീ മാത്തുക്കുട്ടി വിർപാട് കുടുംബ യോഗ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ച വിശിഷ്ടാതിഥികൾക്കും യോഗത്തിൽ പങ്കെടുത്ത മുഴുവൻ പേർക്കും നന്ദിയും അറിയിച്ചു കൊണ്ട് കുടുംബയോഗ സമ്മേളനം അവസാനിച്ചു.

11.15 ന്റെ ടീ ബ്രേക്കിനുശേഷം കൂടുതൽ ഉൻമേഷത്തോടെ കണ്ണൂർ ഹൃദയാരാം കൗൺസിലിങ്ങ് സെന്റർ ഡയറക്ടർ ഡോക്ടർ ട്രീസാ പാലക്കൽ കുടുംബ ശ്രേയസ് എന്ന വിഷയത്തെ ആസ്പദമാക്കി ഈ കാലഘട്ടത്തിൽ യുവ തലമുറ നേരിടുന്ന പ്രധാന പ്രശ്നങ്ങളും അതിനുള്ള പ്രതിവിധികളെ പറ്റിയും വളരെ ഉൾക്കാഴ്ചയോടുകൂടിയുള്ള ഒരു മണിക്കൂർ നീണ്ട ക്ലാസ് നടത്തുകയുണ്ടായി.

12.30 ന് കുടുംബയോഗം ഇന്നലെ ഇന്ന് നാളെ എന്ന വിഷയത്തെ അതികരിച്ച് ഗ്രൂപ്പ് ചർച്ചയും അതിന്റെ വിലയിരുത്തലും ഉണ്ടായിരുന്നു. പിന്നീട് വിഭവ സമൃദ്ധമായ സ്നേഹ വിരുന്നിനായി യോഗം പിരിഞ്ഞു. സമയക്കുറവു മൂലം ഭക്ഷണ സമയത്ത് കുട്ടികളുടെ കലാപരിപാടികളും നടത്തുകയുണ്ടായി.

പിന്നീടുള്ള ചടങ്ങിൽ കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ കുടുംബാംഗം, എറ്റവും പ്രായമുള്ള ദമ്പതികൾ. ഏറ്റവും പ്രായം കുറഞ്ഞ കുട്ടി, ഏറ്റവും ദൂരെ നിന്നു വന്ന

കുടുംബങ്ങൾ, ഏറ്റവും കൂടുതൽ അഗങ്ങൾ പങ്കെടുത്ത കുടുംബം, വിവിധ മേഖലകളിൽ പ്രത്യേക മികവ് തെളിയിച്ച വ്യക്തികൾ, എന്നിവരെ സമ്മാനങ്ങൾ നൽകി ആദരിച്ചു.

കുടുംബയോഗ സമ്മേളനത്തിന് എക്കാലത്തും കൊഴുപ്പ് ഏറെയുള്ള വടം വലി മത്സരം നടന്നു. പുരുഷ വനിതാ ടീമുകൾ വളരെ ആവേശത്തോടുകൂടി പങ്കെടുത്തു. മത്സരത്തിൽ മലബാറിൽ നിന്നുള്ള പുരുഷ വനിതാ ടീമുകൾ സമ്മാനാർഹരായി. പന്തപ്ലാക്കൽ കുടുംബ യോഗ രക്ഷാധികാരി ഫാ. തോമസ് പന്തപ്ലാക്കൽ വിജയികൾക്കുള്ള സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിച്ചു. കുടുംബയോഗ ജോയിന്റ് സെക്രട്ടറി, ശ്രീ ജോസ് മാസ്റ്റർ ചേറ്റുതോട് എല്ലാവർക്കും നന്ദിയും പറഞ്ഞു. അങ്ങിനെ 13-ാം കുടുംബ കൂട്ടായ്മക്ക് തിരശ്ശീല വീണു.

13-ാം കുടുംബസംഗമം വൻ വിജയമാക്കി തീർക്കാൻ കഠിന ശ്രമങ്ങൾ നടത്തി ഇത്രയധികം മനോഹരമായ പരിപാടികൾക്ക് വേണ്ടത്ര സംവിധാനങ്ങൾ ഒരുക്കി ആതിഥേയത്വം നൽകിയ ശ്രീ ജോസ് തോമസിനേയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളേയും എത്ര പ്രകീർത്തിച്ചാലും അധികമാവില്ല. വിജയികളായ മുഴുവൻ പേർക്കും സമ്മാനങ്ങൾ സ്പോൺസർ ചെയ്ത ഗ്ലാസ് ലൈൻ പ്രൈവറ്റ് കമ്പനി , സേലം ഉടമ ശ്രീ ഡൊമിനിക് തോമസ്സ് പന്തപ്ലാക്കലിനും പ്രത്യേകം നന്ദി അറിയിക്കുന്നു.. ഈ പരിപാടികളുടെ വിജയത്തിനായി രാപകൽ പ്രവർത്തിച്ച ശ്രീ റിജുമോൻ മൈലംപെട്ടി, ശ്രീ മാത്തുക്കുട്ടി വീർപ്പാട്, യോഗ ദിവസം ദീപിക സപ്ലിമെന്റ് തയ്യാറാക്കുന്നതിന് തന്റെ സകല കഴിവുകളും വിനിയോഗിച്ച ശ്രീ സെബാസ്റ്റ്യൻ ആലപ്പാട്, അതിന്റെ സാമ്പത്തിക സഹായങ്ങൾ സ്പോൺസർ ചെയ്ത നമ്മുടെ കുടുംബാംഗങ്ങളായ ഗാബ്രി അലുമിനിയം ആലുവ ഉടമകൾ,ശ്രീ ജേക്കബ്/ ഷിജോ പന്തപ്ലാക്കലിനേയും ബുള്ളറ്റ് ലോജിസ്റ്റിക് ബാംഗ്ലൂർ ഉടമ ശ്രീ ബിജു ജേകബ് പതിയിലിനേയും വളരെ സ്നേഹത്തോടും നന്ദിയോടും കൂടി ഓർക്കുന്നു.

## പ്രവർത്തന വിലയിരുത്തൽ

പന്തപ്ലാക്കൽ കുടുംബയോഗ പ്രവർത്തനങ്ങൾക്ക് വർദ്ധിച്ചുവരുന്ന സാമ്പത്തിക ആവശ്യത്തിനായി പ്രവർത്തിച്ചുവരുന്ന പന്തപ്ലാക്കൽ വെൽഫെയർ ഫണ്ട് വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. 20 മെമ്പർ ഒരുമിച്ച് നടത്തുന്ന ചിട്ടി കഴിഞ്ഞ 12 മാസമായി കൃത്യമായി തന്നെ നടക്കുന്നു. ശ്രീ മാത്തുക്കുട്ടി വീർപ്പാട്, ശ്രീ റിജു മോൻ മൈലംപെട്ടി, ശ്രീ സന്തോഷ് അണുങ്ങോടും നല്ല നേതൃത്വം കൊടുക്കുന്നു.

## കുടുംബ വെബ് സൈറ്റ്.

09-11-2013 ൽ ആരംഭിച്ച കുടുംബ വെബ് സൈറ്റ് കൂടുതൽ അഡ്രസ്സുകളും മറ്റു വിവരങ്ങളും ശേഖരിച്ചുകൊണ്ട് വളരെ കൃത്യമായി തന്നെ മുൻപോട്ടു പോകുന്നു. അതിന്റെ സാങ്കേതിക പ്രവർത്തനങ്ങൾക്ക് പരിചയ കുറവു മൂലം അൽപം ക്ഷീണം ഏറ്റിട്ടുണ്ട്. എങ്കിലും കൂടുതൽ നല്ല നിലയിൽ തുടരാനായി ഇപ്പോൾ ശ്രീ അഗീബറ്റ് ബെന്നി പുത്തൻ വീട്ടിലിനെ ഏൽപ്പിച്ചിട്ടുണ്ട്.

## എക്സിക്യൂട്ടീവ് കമ്മിറ്റികൾ

1. 26-07-2015 ന് ശ്രീ മനോജ് പന്തപ്ലാക്കൽ താമരശ്ശേരിയുടെ വീട്ടിൽ ചേർന്ന യോഗത്തിൽ 12 എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. 13-ാം വാർഷികം ശ്രീ ജോസ് പന്തപ്ലാക്കൽ

പൈസക്കരിയുടെ ഭവനത്തിൽ നടത്തിയ സമ്മേളനം വിലയിരുത്തി. പന്തപ്ലാക്കൽ വെൽഫെയർ ഫണ്ടിന്റെ പ്രവർത്തനവും പുരോഗതിയെപ്പറ്റിയും ചർച്ച ചെയ്തു. പന്തപ്ലാക്കൽ കുടുംബയോഗ അഡ്രസ്സ് ബുക്കിലേക്കുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു വർക്കിംഗ് കമ്മിറ്റിക്ക് രൂപം കൊടുത്തു.

2. രണ്ടാമത് എക്സിക്യൂട്ടീവ് യോഗം തിരുവിതാംകൂറിൽ ആലുവ കിഴക്കമ്പലം ശ്രീ മത്തായി പി.എം ന്റെ ഭവനത്തിൽ ചേർന്നു. യോഗത്തിൽ മലബാറിൽ നിന്നും തിരുവിതാംകൂറിൽ നിന്നുമായി 8 അംഗങ്ങൾ പങ്കെടുത്തു. 14 -ാം വാർഷിക സമ്മേളനം ശ്രീ മത്തായി പി.എം പന്തപ്ലാക്കൽ കിഴക്കമ്പലത്തിന്റെ വീട്ടിൽ നടത്തുവാൻ തീരുമാനമെടുത്തു. നടത്തിപ്പിന്റെ പ്രവർത്തനങ്ങൾ ക്ഷണക്കത്ത്, വിശിഷ്ടാതിഥികളെ കണ്ടെത്തൽ തുടങ്ങിയ കാര്യങ്ങൾ രക്ഷാധികാരി ഫാ.തോമസ് പന്തപ്ലാക്കലിന്റെ നേതൃത്വത്തിൽ ശ്രീ മത്തായി പി.എം കിഴക്കമ്പലം, ജോഷി മാത്യൂ കിഴക്കമ്പലം, റിജുമോൻ മൈലംപെട്ടി തുടങ്ങിയവരെ ഏൽപ്പിച്ചു.

സമ്മേളനത്തിൽ കൂടുതൽ കുടുംബാംഗങ്ങളെ പങ്കെടുപ്പിക്കാനുള്ള കാര്യങ്ങൾ ചെയ്യുന്നതിനായി മലബാറിലും തിരുവിതാംകൂറിലുമായി പ്രവർത്തിക്കുന്ന എക്സിക്യൂട്ടീവ് അംഗങ്ങളെ ചുമതലപ്പെടുത്തി.

ഇതിനിടയിൽ തിരുവിതാംകൂറിൽ ശ്രീ മാത്തുക്കുട്ടി പൈകയുടെയും ശ്രീ ജോസ്സ് മാസ്റ്റർ ചേറ്റുതോടിന്റെയും നേതൃത്വത്തിൽ മൂന്നു യോഗങ്ങൾ നടത്തുകയുണ്ടായി,

3. 11-10-2015 നു ഓടൻതോട് പി.വി ജോസഫ് കുഞ്ഞുട്ടിയുടെ വീട്ടിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ 18 അംഗങ്ങൾ പങ്കെടുത്തു. 14-ാം വാർഷിക സമ്മേളനത്തിന് മലബാറിൽ നിന്നും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കാൻ തീരുമാനമെടുത്തു. അതിനായി മൂന്നു കമ്മിറ്റികൾക്ക് രൂപം കൊടുത്തു. സമ്മേളനത്തിൽ വിതരണം ചെയ്യാനുള്ള അഡ്രസ്സ് ബുക്കിന്റെ വിവരണ ശേഖരണത്തിന് കൂടതൽ ആക്കം കൂട്ടാൻ തീരുമാനമെടുത്തു. കുടുംബയോഗം ഭാരവാഹികളുടെ തിരഞ്ഞെടുപ്പിനെ പറ്റി കാര്യമായ ആലോചനകൾ നടന്നു.

വെബ് സൈറ്റിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ അതിന്റെ സാങ്കേതിക കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ശ്രീമതി അഗിബറ്റ് ബെന്നിയെ ഏൽപ്പിക്കാൻ തീരുമാനിച്ചു.

2014-15 ലേക്കുള്ള യൂത്ത് വിംഗ് ഭാരവാഹി തിരഞ്ഞെടുപ്പ് നടത്തി. പ്രസിഡന്റായി റോബിൻ ചാക്കോയെയും, വൈസ് പ്രസിഡന്റായി അലീനാ ജോയ്, സെക്രട്ടറി അനു പി. ജോയി ആലക്കോടിനേയും ജോയിന്റ് സെക്രട്ടറിയായി സോണററ് ജിൻസി ചെറ്റുതോട്, ട്രഷറർ ആയി അമൽ ജോസ് ചേറ്റുതോടിനേയും കോഡിനേറ്റേഴ്സായി മാത്തുക്കൂട്ടി വീർപാട്, റിജു ജോൺ ആലക്കോടിനേയും തിരഞ്ഞെടുത്തു.

## ആദരാഞ്ജലികൾ

പന്തപ്ലാക്കൽ കുടുംബയോഗത്തിന്റെ മുൻ വൈസ് പ്രസിഡന്റും കുടുംബയോഗ രൂപീകരണം മുതൽ അദ്ദേഹത്തിന്റെ അന്ത്യനാൾ വരെ ഈ പ്രസ്ഥാനത്തിനു വേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ച ശ്രീ ജോസഫ് തോമസ് (ഔസപ്പച്ചൻ) 28-1-2015 ന്

നമ്മെവിട്ടു പിരിഞ്ഞു. അദ്ധേഹത്തിന്റെ വേർപാട് എന്നും പന്തപ്ലാക്കൽ കുടുംബാംഗങ്ങൾ വളരെ വേദനയോടെ സ്മരിക്കുന്നു. നല്ല ഒരു സാമൂഹിക പ്രവർത്തകനും സമർത്ഥനായ ഒരു സംഘാടകനും, പേരെടുത്ത അദ്ധ്യാപകനുമായിരുന്ന അദ്ദേഹത്തിന്റെ സംസ്കാര ചടങ്ങിൽ കഴിവതും കുടുംബാംഗങ്ങൾ പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും, ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. ഇന്നും അദ്ദേഹത്തിന്റെ കുടുംബത്തോട് പ്രാർത്ഥനയും ഐക്യത്തിലും ചേർന്നു നിൽക്കുന്നു.

2. റോസമ്മ ചാക്കോ ആലുങ്കൽതാഴെ 21-05-2015 ൽ 93-ാ മത് വയസ്സിൽ നിര്യാതയായി. കഴിവതും കുടുംബാംഗങ്ങൾ പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

3. പി.സി ബാബു പന്തപ്ലാക്കൽ പുനലൂർ. 27-2-2015 അദ്ദേഹത്തിനും പന്തപ്ലാക്കൽ കുടുംബാംഗങ്ങളുടെ പ്രാർത്ഥനയും ആദരാഞ്ജലികളും.

4. വർക്കി ജോസഫ് പന്തപ്ലാക്കൽ പന്തത്തല 08-09-2015 അദ്ദേഹത്തിനും പന്തപ്ലാക്കൽ കുടുംബാംഗങ്ങളുടെ പ്രത്യേക പ്രാർത്ഥനയും ആദരാഞ്ജലികളും.

## ഉപസംഹാരം

വളരെയേറെ കാര്യങ്ങൾ ഇനിയും നമുക്ക് ചെയ്തു തീർക്കുവാനുണ്ട് എന്ന ഉത്തമ ബോധ്യത്തോടെ പന്തപ്ലാക്കൽ കുടുംബകൂട്ടായ്മ, 14-ാം വർഷത്തിലൂടെ കടന്നു നീങ്ങുമ്പോൾ നമ്മുടെ വളർച്ചയിലും പുരോഗതിയിലും നമ്മെ സഹായിച്ച് നമുക്ക് വേണ്ട നിർദ്ദേശങ്ങളും അനുമോദനങ്ങളും നൽകിയിട്ടുള്ള ഒട്ടനവധി വ്യക്തികളെ നാം നന്ദിയോടെ സ്മരിക്കുന്നു.

ഒരു പിതാവിന്റെ സ്നേഹത്തോടെ നമ്മെ സ്നേഹിക്കുകയും ഉപദേശിക്കുകയും ശാസിക്കുകയും നന്മയുടെ പാതയിലേക്കു നയിക്കുകയും ചെയ്യുന്ന നമ്മുടെ പ്രിയപ്പെട്ട രക്ഷാധികാരി റവ. ഫാ തോമസ് പന്തപ്ലാക്കൽ നമ്മുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ള മുൻ പ്രസിഡന്റ് ശ്രീ പി.റ്റി ജോസഫ് ഇന്നും നമ്മുടെ പ്രവർത്തനങ്ങൾ നോക്കി കാണുകയും നിർദ്ദേശങ്ങൾ നൽകി കൊണ്ടിരിക്കുകയും ചെയ്യുന്ന മുൻ സെക്രട്ടറി ശ്രീ പി.ജെ ചെറിയാൻ മാസ്റ്റർ, മുൻ ജോയിന്റ് സെക്രട്ടറി ശ്രീ. പി.വി ജോർജ്ജ് എന്നിവരോടും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

മൺമറഞ്ഞുപോയ നമ്മുടെ പ്രിയങ്കരരായിരുന്ന കുടുംബാംഗങ്ങളുടെ പാവന സ്മരണക്കു മുൻപിൽ ഒരു നിമിഷം ശിരസ്സു നമിച്ചുകൊണ്ട് പ്രണമം ചെയ്തുകൊണ്ട് സർവ്വ ശക്തൻ ഇനിയും നമുക്ക് കൂടുതൽ അനുഗ്രഹങ്ങൾ നൽകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും പന്തപ്ലാക്കൽ കുടുംബത്തിന്റെ 2014 - 2015 വർഷത്തെ പ്രവർത്തന റിപ്പോർട്ട് നിങ്ങളുടെ മുൻപിൽ സവിനയം സമർപ്പിക്കുന്നു

എന്ന്

പന്തപ്ലാക്കൽ കുടുംബയോഗത്തിനു വേണ്ടി

സെകട്ടറി ജോസ് കല്ലാനോട്